(എ) വളയം ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം സി. എച്ച്.സി. ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സാമ്പത്തികലഭ്യതയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് 25 പി.എച്ച്.സി./ഗവൺമെന്റ് ആശുപത്രികൾ മാത്രമാണ് സി.എച്ച്.സികളായി ഉയർത്തിയത്. ഇതിൽ വളയം പി.എച്ച്.സി. ഉൾപ്പെടുന്നില്ല.

186 (1790) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ നിയമനം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 വർഷത്തിൽ പഠനം പൂർത്തിയാക്കിയ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് ആരോഗ്യ വകുപ്പു ഡയറക്ടറേറ്റ് മുഖാന്തിരമുള്ള നിയമനം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 1996 വർഷത്തിൽ പഠനം പൂർത്തിയാക്കിയ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർക്ക് അവർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 124 പേർക്ക് അരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരമുള്ള താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. ജില്ലകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ബാക്കിയുള്ളവർക്കും താൽക്കാലിക നിയമനം നൽകുന്നതാണ്.

187 (1791) വിഷ ചികിത്സാ കേന്ദ്രം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ ഫാർമസി വിഭാഗത്തോട് ചേർന്ന് വിഷചികിത്സാ കേന്ദ്രം ആരംഭിക്കുവാൻ പദ്ധതി ഉണ്ടോ;

(ബി) ഇതിനാവശ്യമായ ഏതെല്ലാം ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്;

(സി) ഈ കേന്ദ്രത്തിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ഈ കേന്ദ്രത്തിലേയ്ക്ക് എത്ര തസ്തികകളാണ് ആവശ്യമുള്ളത് ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly